# മരം ഒരു വരം

■ അമ്മിണി ടീച്ചർ

ഒരു മഴ പുതുമഴ പെയ്തിറങ്ങി
ഒരു കുരു ചെറു കുരു നട്ടു ഞാൻ
ഒരു മുള ഓരില ഈരില വന്നു
ചെറു ചെടി വലിയൊരു മരമായി
ഒരു മഴ പെരുമഴ പെയ്തിറങ്ങി
മരമൊരു കുടയായ് ചൂടുന്നു
പൂവു തരുന്ന കായ തരുന്ന
കുളിരു തരുന്ന തണലു തരുന്ന
മരമൊരു തുണയായി
കുരുവിപ്പെണ്ണിന് കൂട് ചമയ്ക്കാൻ
കുസൃതിക്കാറ്റിന് ചൂളമടിക്കാൻ
മരമൊരു വരമായി
ആരും വെട്ടരുതീമരമെന്നാൽ
ഒരു മഴ പെയ്തീടും
വരണ്ട മണ്ണിൻ മനസ്സിൽ നിറയെ
ദാഹജലം പകരും!.





# കുഞ്ഞിയുടെ സ്നേഹം

■ വൈകുണ്ഠദാസ്

കുഞ്ഞിക്കുണ്ടൊരു പൂച്ച
കുഞ്ഞി കുഞ്ഞി പൂച്ച
നെഞ്ചിൽ ചേർത്ത് പിടിച്ച്
കൊഞ്ചിച്ചാടീടുമ്പോൾ
കുഞ്ഞിക്കണ്ണുകൾ പൂട്ടി
പറ്റിപറ്റിച്ചേർന്ന്
കൂടിക്കൂടിയൊട്ടി
കൂനിയിരിക്കും കുഞ്ഞി!

ലോകത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ ഭൂഖണ്ഡമാണ് ആഫ്രിക്ക